Kerala Catholic Bishop's Council (KCBC)
Secretariat, Pastoral Orientation Centre, P.B. No. 2251, Palarivattom, Kochi-682 025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-280614
E-mail: deputysecretarykcbc@gmail.com, www.kcbcsite.com

24.04.2018

All Kerala Press Release
*Ref: 617/KCBC/K-6/KPR/DS*

## മദ്യപിച്ചുള്ള കുറ്റകൃത്യങ്ങളിൽ എക്സൈസ് കമ്മീഷണറെ പ്രതിചേർക്കണം: ജാഗ്രതാസമിതി

കൊച്ചി: സ്കൂൾ വിദ്യാർഥികൾപോലും മദ്യത്തിന് അടിമപ്പെടുകയും സ്ത്രീകൾക്കും കുട്ടികൾക്കും നേരേയുള്ള ആക്രമണം വർധിച്ചുവരുകയും ചെയ്യുന്ന സാഹചര്യത്തിൽ മദ്യത്തിന്റെ സ്വാധീനത്തിൽ നിർവഹിക്കപ്പെടുന്ന കുറ്റകൃത്യങ്ങൾ സംസ്ഥാന എക്സൈസ് കമ്മീഷണരെ കൂട്ടുപ്രതിയായി കണക്കാക്കി കേസെടുക്കണമെന്ന് കെസിബിസി ജാഗ്രതാസമിതി ആവശ്യപ്പെട്ടു. സംസ്ഥാനത്ത് മദ്യഉപയോഗം വർധിക്കുന്നതിനുത്തരവാദി സർക്കാരാണ്. ജനഹിതം മാനിക്കാതെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സ്വയം നിർണയാവകാശം റദ്ദാക്കിയും സർക്കാർ മദ്യത്തിനു നല്കുന്ന പ്രോത്സാഹവും മദ്യ മുതലാളിമാരോടു പുലർത്തുന്ന വിധേയത്വവും തലമുറകളെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കോട്ടയത്ത് ബ്രഹ്മമംഗലം പാടത്ത് മദ്യപിച്ച് അബോധാവസ്ഥയിൽ കിടന്ന സ്കൂൾ വിദ്യാർത്ഥികളുടെ നില ഗുരുതരമായി തുടരുകയാണ്. സ്കൂളുകളുടെയും ആരാധനാലയങ്ങളുടെയും മുറ്റത്തും മദ്യശാലകൾ ആകാമെന്ന സർക്കാരിന്റെ നയത്തിന് ഇരകളാണ് അവർ. സമൂഹത്തോടുള്ള ഉത്തരവാദിത്വം മറന്ന് മദ്യസംസ്കാരം വളർത്തുന്ന സർക്കാർ നയം വ്യക്തികളെയും കുടുംബങ്ങളെയും തകർത്തുകൊണ്ടിരിക്കുകയാണ്. മദ്യവ്യാപനത്തിൽ മാത്രമല്ല മയക്കുമരുന്നു വ്യാപനത്തിലും സർക്കാരും രാഷ്ട്രീയ പാർട്ടികളും ഉത്തരവാദികളാണ്. സർക്കാരിന്റെയും രാഷ്ട്രീയപാർട്ടികളുടെയും അലംഭാവവും പരോക്ഷ പിന്തുണയുമാണ് മയക്കുമരുന്നു മാഫിയയ്ക്കു തഴച്ചു വളരാൻ സാഹചര്യമൊരുക്കുന്നത്. മദ്യത്തിന്റെ ലഭ്യത കുറയുന്നതാണ് മയക്കുമരുന്നുപയോഗം വർധിക്കാൻ കാരണമെന്ന പ്രചാരണം ഉത്തരവാദിത്വത്തിൽ നിന്നുള്ള ഒളിച്ചോട്ടമാണ്. മദ്യത്തിനും മയക്കുമരുന്നിനുമെതിരേയുള്ള നടപടികളിൽ സർക്കാർ ആത്മാർഥത തെളിയിക്കണം.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,
ഔദ്യോഗിക വക്താവ്, കെ.സി.ബി.സി.
ഡയറക്ടർ, പി.ഒ.സി.

**ഫാ. സാജു സി.എസ്.റ്റി**
സെക്രട്ടറി
കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ

PRESIDENT
MOST REV. DR. SOOSA PAKIAM
Archbishop of Trivandrum,
Archbishop's House,
Vellayambalam, Kawdiar P.O,
Trivandrum 695 003.
Ph: 0471 2724001, 2724002, Fax: 0471 2725001
E-mail: archbishop@archtvm.in

VICE-PRESIDENT
DR. YOOHANON MAR CHRYSOSTOM
Bishop of pathanamthitta
Santhome Catholic Bishop's House
St. Peter's Junction
Pathanamthitta – 689 645
Ph: 0468-2223100, Fax: 0468-2223100
Email: bpdiopta@gmail.com

SECRETARY GENERAL
MAR MATHEW MOOLAKKATT
Archbishop of Kottayam
Catholic Archbishop's House,
P.B. No. 71, Kottayam 686 001.
Ph: 0481 2563527, 2563812, Fax: 0481 2563327
E-mail: marmosb@yahoo.com

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT
Pastoral Orientation Centre
P.B. No. 2251, Kochi-682 025
Tel: +91-484-2805722, 2805815,
Fax: 2806214
E-mail: vallikkatt@gmail.com